ഭരണഭാഷ മാതൃഭാഷ

## അസിസ്റ്റൻറ് എൻജിനീയറുടെ കാര്യാലയം

എല്.ഐ.ഡി. & ഇ ഡബ്ല്യൂ ,ചെമ്പ് ഗ്രാമ പഞ്ചായത്ത്

ബ്രഹ്മമംഗലം(പി.ഒ) കോട്ടയം,686605

e mail aelsgdchembu@gmail.com

# കൊട്ടേഷൻ പരസ്യം

**No: Q/01/AE/LSGD/CPT/2026-27** 23/09/2026

വാർഷിക പദ്ധതി 2026-27 ലുൾപ്പെടുത്തി ചെമ്പ് ഗ്രാമ പഞ്ചായത്ത് താഴെപ്പറയുന്ന പ്രവൃത്തികൾക്ക് വേണ്ടി തദ്ദേശ സ്വയംഭരണം, പൊതുമരാമത്ത്, ജലസേചനം തുടങ്ങിയ വകുപ്പുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും (എ/ബി/സി/ഡി ക്ലാസ്സ്) പരിചയസമ്പന്നരുമായിട്ടുള്ള കരാറുകാരിൽ നിന്നും മത്സരാധിഷ്ഠിത കൊട്ടേഷൻ ക്ഷണിക്കുന്നു

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രവൃത്തിയുടെ പേര് | മതിപ്പ് ചെലവ് | പ്രവൃത്തി ചെയ്തു തീർക്കാനുള്ള കാലാവധി | നിരത ദ്രവ്യം | കൊട്ടേഷൻ ഫാറ വില (18 % GST ഉൾപ്പെടെ) | കൊട്ടേഷൻ ഫാറങ്ങൾ ലഭിക്കുന്ന അവസാന തീയതി, സമയം | കൊട്ടേഷൻ തുറന്നു പരിശോധിക്കുന്ന തീയതി, സമയം |
|---|---|---|---|---|---|---|---|---|
| 1 | 265 | തെരുവ് നായ നിയന്ത്രണം കേജ് നിർമ്മാണം | 67728 | 6 മാസം | 1693 | 0 | 30-09-2026, 2.00 PM | 30-09-2026, 03.00 PM |

1 കൊട്ടേഷൻ പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്ത മുദ്രവച്ച കവറിലാണ് സമർപ്പിക്കേണ്ടത്.

2 കൊട്ടേഷനോടൊപ്പം നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യവും 200 രൂപയുടെ മുദ്രക്കടലാസിൽ നിർദ്ദിഷ്ടരൂപത്തിൽ തയ്യാറാക്കി ഒപ്പിട്ട പ്രാഥമിക കരാർ ഉടമ്പടിയും ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അടക്കം ചെയ്തിരിക്കണം. അവയില്ലെങ്കിൽ ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

3 കൊട്ടേഷൻ സമർപ്പിയ്ക്കുന്ന കരാറുകാർ നിരതദ്രവ്യമായി നാഷണലൈസ്ഡ് ബാങ്കുകള് ,ഷെഡ്യൂൾഡ് ബാങ്കുകള് , ട്രഷറി എന്നിവിടങ്ങളിൽ നിന്നുള്ള സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളോ, പഞ്ചായത്തിൽ പണമായി ഒടുക്കിയ രസീതോ ഹാജരാക്കേണ്ടതാണ്. മറ്റ് ബാങ്കുകളിൽ നിന്നുള്ള സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ സ്വീകരിയ്ക്കുന്നതല്ലാത്തതും അത്തരത്തിൽ സമർപ്പിയ്ക്കുന്ന ദർഘാസുകൾ നിരസിയ്ക്കുന്നതുമായിരിയ്ക്കും.

OFFICE OF THE ASST. ENGINEER, LSGD SECTION CHEMPU G.P.

4 കൊട്ടേഷൻ തപാലിൽ രജിസ്റ്റർ ചെയ്തോ സ്പീഡ് പോസ്റ്റ് മുഖേനയോ മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ. തപാലിൽ ഉണ്ടാകുന്ന കാലതാമസത്തിന് ടെണ്ടർ സ്വീകരിക്കുന്നയാൾ ഉത്തരവാദി ആയിരിക്കുന്നതല്ല. ദർഘാസുകൾ നേരിട്ട് സ്വീകരിക്കുന്നതല്ല.

5 കൊട്ടേഷൻ ഫോറങ്ങളും അനുബന്ധരേഖകളും നിശ്ചിത സമയം വരെ നിശ്ചിത വിലയും നികുതിയും അടച്ചാൽ പ്രവൃത്തി സമയങ്ങളിൽ ടെൻഡർ ക്ഷണിച്ച അധികാരിയുടെ ആഫീസിൽ നിന്നും ലഭിക്കുന്നതാണ്.

6 പൂരിപ്പിച്ച കൊട്ടേഷൻ നിശ്ചിത സമയത്തിന് മുമ്പായി അസിസ്റ്റൻറ് എൻജിനീയർ ,എല് .ഐ.ഡി. & ഇ ഡബ്ള്യു , ചെമ്പ്ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

7 അപൂർണ്ണമായതോ നിരക്കുകൾ വ്യക്തമായി രേഖപ്പെടുത്താത്തതോ ആയ കൊട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

8 നിശ്ചിത സമയത്തിനുള്ളിൽ ലഭിച്ചിട്ടുള്ള എല്ലാ കൊട്ടേഷനുകളും നിശ്ചിത സമയത്തിന് തദവസരത്തിൽ സന്നിഹിതരായ കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

9 കുറഞ്ഞ നിരക്കുകൾ രേഖപ്പെടുത്തിയ കൊട്ടേഷനുകൾ പഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുന്നതും ഏതെങ്കിലും ദർഘാസോ എല്ലാ ദർഘാസുകളുമോ യാതൊരു കാരണവും കാണിക്കാതെ നിരസിക്കാനുള്ള അവകാശം പഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

10 അക്കത്തിൽ രേഖപ്പെടുത്തിയ ടെൻഡർ നിരക്കുകളിൽ അവ്യക്തത ഉള്ള പക്ഷം അക്ഷരത്തിലെഴുതിയ നിരക്കുകൾ അംഗീകരിക്കുന്നതും രണ്ടിലും അവ്യക്തത ഉള്ള പക്ഷം ടെൻഡർ നിരസിക്കുന്നതുമായിരിക്കും.

11 എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 10 ശതമാനത്തിലധികം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന സാഹചര്യത്തിൽ അധികമുള്ള കുറഞ്ഞ നിരക്കിന് ആനുപാതികമായി കരാർ വയ്ക്കുന്ന സമയത്ത് പെർഫോമൻസ് ഗ്യാരന്റി വയ്ക്കേണ്ടതും പ്രസ്തുത ഗ്യാരന്റി തുക പ്രവൃത്തി പൂർത്തിയായ ശേഷം മാത്രം തിരികെ നൽകുന്നതുമാണ്. പെർഫോമൻസ് ഗ്യാരന്റി തുക നാഷണലൈസ്ഡ് ബാങ്കുകള് , ഷെഡ്യൂൾഡ് ബാങ്കുകള് , ട്രഷറി എന്നിവിടങ്ങളിൽ നിന്നുള്ള സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളായോ, പഞ്ചായത്തിൽ പണമായി ഒടുക്കിയോ നൽകാവുന്നതാണ്. ഇതു കൂടാതെ കരാർ തുകയുടെ 5 ശതമാനം തുക സെക്യൂരിറ്റി ഡപ്പോസിറ്റായും ഒടുക്കേണ്ടതാണ്.

12 ബിറ്റുമെൻ ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ബിറ്റുമെൻ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ കരാറുകാരൻ ലഭ്യമാക്കേണ്ടതാണ്. എന്നാൽ ബില്ലിലെ തുക കരാറുകാരൻ ക്വോട്ട് ചെയ്ത അംഗീകരിച്ച നിരക്കിനേക്കാൾ കൂടുതലായാലും കുറവായാലും അംഗീകരിക്കപ്പെട്ട നിരക്ക് മാത്രമേ നൽകുകയുള്ളൂ. അംഗീകൃത നിരക്ക് പ്രകാരം ടാർ വീപ്പയുടെ വില ബില്ലിൽ നിന്നും ഈടാക്കുന്നതായിരിക്കും.

13 പ്രവൃത്തികൾക്ക് വേണ്ടി ആവശ്യമായി വരുന്ന മുഴുവൻ സാധനങ്ങളും കരാറുകാരൻ തന്നെ സംഭരിക്കേണ്ടതും എൻജിനീയറുടെ നിർദ്ദേശാനുസരണം പ്രവൃത്തിക്കു വേണ്ടി ഉപയോഗിക്കേണ്ടതുമാണ്. യാതൊരു കാരണവശാലും സാധനങ്ങൾ ഡിപ്പാർട്ടുമെന്റ് വാങ്ങി നൽകുന്നതല്ല.

14 ഐറ്റം റേറ്റ് പ്രകാരമുള്ള പ്രവൃത്തികളുടെ സംഗതിയിൽ ഏതെങ്കിലും ഇനം പ്രവൃത്തി അധികമായി ചെയ്യേണ്ടി വരികയാണെങ്കിൽ കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കുകൾ പ്രകാരമുള്ള ആകെ തുക പി.എ. സി പ്രകാരമുള്ള തുകയുടെ എത്ര ശതമാനം കുറവാണെന്ന് കണക്കാക്കി അത്രയും ശതമാനം മാത്രമേ എക്സ്ട്രാ ഐറ്റത്തിന്റെ നിരക്കിലും അനുവദിക്കുകയുള്ളൂ.

OFFICE OF THE ASST. ENGINEER, LSGD SECTION CHEMPU G.P.

15 കൊട്ടേഷൻ സംബന്ധമായി പുതുക്കിയ പൊതുമരാമത്ത് മാനുവൽ പ്രകാരവും, കേരളാ പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരവും ഇ ടെൻഡർ സംബന്ധമായ ചട്ടങ്ങൾ പ്രകാരവും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരവും നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും.

16 കൊട്ടേഷൻ സ്വീകരിയ്ക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയായി പ്രഖ്യാപിയ്ക്കുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് നടപടികൾ നടത്തുന്നതാണ്.

17 പുതുതായി ഏർപ്പെടുത്തിയിട്ടുള്ള ചരക്ക സേവന നികുതി ( GST) പ്രകാരമുള്ളതും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ എല്ലാ ഉത്തരവുകളും ഈ കൊട്ടേഷൻ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ബാധകമായിരിക്കുന്നതാണ്. നികുതി നിരക്കുകളിൽ വർദ്ധന ഉണ്ടാകുന്ന പക്ഷം അത് ഒടുക്കുവാൻ കരാറുകാർ ബാധ്യസ്ഥരായിരിക്കുന്നതാണ്.

18 പ്രവൃത്തികളെ സംബന്ധിച്ച വിശദവിവരങ്ങൾ പ്രവൃത്തിസമയങ്ങളിൽ ഗ്രാമ പഞ്ചായത്താഫീസ് , എല് .എസ്സ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എൻജിനീയറുടെ ആഫീസ് എന്നിവിടങ്ങളിൽ നിന്നോ അറിയാവുന്നതാണ്.

(ഒപ്പ്)
അസിസ്റ്റൻറ് എൻജിനീയർ ,എല് ഐ.ഡി & ഇ
ഡബ്ല്യ , ചെമ്പ്ഗ്രാമ പഞ്ചായത്ത്

SALIN.P.S
PEN:656416
Assistant Engineer
LID & EW Section, Chempu.G.P
Brahmamangalam P.O

OFFICE OF THE ASST. ENGINEER, LID&EW SECTION CHEMPU G.P. Brahmamangalam PO